# ഇസ്രയേൽ പാർലമെന്റായ നെസ്സെറ്റിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു (ഫെബ്രുവരി 25, 2026)

ഫെബ്രുവരി 25, 2026

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് ജറുസലേമിലെ നെസ്സെറ്റിന്റെ പ്രത്യേക പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇസ്രയേൽ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം.

2. നെസെറ്റിലെത്തിയ പ്രധാനമന്ത്രിയെ സ്പീക്കർ അമീർ ഒഹാന സ്വാഗതം ചെയ്യുകയും ഔദ്യോഗിക സ്വീകരണം നൽകുകയും ചെയ്തു. പ്രധാനമന്ത്രിയുടെ പ്രസംഗത്തിന് മുന്നോടിയായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു; പ്രതിപക്ഷ നേതാവ് യയെർ ലാപിഡ്; സ്പീക്കർ ഒഹാന എന്നിവർ ഇന്ത്യ-ഇസ്രയേൽ ബന്ധത്തിന് ശക്തമായ ഉഭയകക്ഷി പിന്തുണ പ്രകടിപ്പിച്ചുകൊണ്ട് പ്ലീനറിയിൽ സംസാരിച്ചു.

3. പ്രത്യേക ബഹുമതിക്ക് സ്പീക്കറിന് നന്ദി പറഞ്ഞുകൊണ്ടാണ് പ്രധാനമന്ത്രി തന്റെ പ്രസംഗം ആരംഭിച്ചത്. ഇന്ത്യയും ഇസ്രയേലും തമ്മിലുള്ള ശക്തമായ സൗഹൃദ ബന്ധം ഉയർത്തിക്കാട്ടിയ പ്രധാനമന്ത്രി ഇരു രാജ്യങ്ങളിലെയും ജനങ്ങൾ പുരാതനമായ നാഗരിക ബന്ധങ്ങളും സാങ്കേതികവിദ്യ, നൂതനാശയം, പ്രതിരോധം, സുരക്ഷ, തന്ത്രപരമായ പൊതു താല്പര്യങ്ങൾ എന്നിവയിലധിഷ്ഠിതമായ ശക്തമായ സമകാലിക പങ്കാളിത്തവും പങ്കിടുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി. കൃഷി, ഗ്രാമവികസനം, ജല പരിപാലനം, സുസ്ഥിരത, സംരംഭകത്വം എന്നിവയിലെ സഹകരണത്തെ അടിസ്ഥാനമാക്കിയുള്ള ജനങ്ങൾ തമ്മിലുള്ള ഊർജ്ജസ്വലമായ ബന്ധം ഈ ബന്ധത്തിന് ചലനാത്മകമായ ഒരു കാഴ്ചപ്പാട് നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഇരു രാജ്യങ്ങളും പിന്തുടരുന്ന ചരിത്രപരമായ ബന്ധങ്ങളെയും ഇരുരാജ്യങ്ങൾക്കുമിടയിൽ ജനങ്ങളുടെ പരസ്പരമുള്ള സഞ്ചാരത്തെയും അടിവരയിട്ട് പറഞ്ഞ പ്രധാനമന്ത്രി, ഇസ്രായേലിലെ ഇന്ത്യൻ സമൂഹവും ഇന്ത്യയിലെ ജൂത പ്രവാസികളും ഇരു രാജ്യങ്ങളുടെയും പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ടെന്ന് പറഞ്ഞു.

4. ഭീകരവാദത്തോടുള്ള ഇരുരാജ്യങ്ങളുടെയും വിട്ടുവീഴ്ചയില്ലാത്ത സമീപനം അനുസ്മരിച്ച പ്രധാനമന്ത്രി ഒക്ടോബർ 7 ന് നടന്ന ഭീകരാക്രമണത്തിൽ അനുശോചനം രേഖപ്പെടുത്തി, ഇത്തരം ക്രൂരതകൾക്ക് ഒരു ന്യായീകരണവും ഇല്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. മേഖലയിൽ സുസ്ഥിരമായ സമാധാനത്തിനും സ്ഥിരതയ്ക്കും സംഭാവന നൽകുന്ന എല്ലാ ശ്രമങ്ങൾക്കും ഇന്ത്യയുടെ പിന്തുണ അദ്ദേഹം വാഗ്ദാനം ചെയ്തു. ഈ സന്ദർഭത്തിൽ, UN സുരക്ഷാ കൗൺസിൽ അംഗീകരിച്ച ഗാസ സമാധാന സംരംഭത്തിനുള്ള ഇന്ത്യയുടെ ഉറച്ച പിന്തുണ അദ്ദേഹം ഉയർത്തിക്കാട്ടി. ഇന്ത്യയും ഇസ്രായേലും തമ്മിൽ ബഹുരാഷ്ട്ര മേഖലയിൽ നിലവിലുള്ള സഹകരണം ചൂണ്ടിക്കാട്ടിയ അദ്ദേഹം, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി [IMEC], I2U2 ചട്ടക്കൂടുകൾ എന്നിവയിൽ ഇരു രാജ്യങ്ങളും തമ്മിൽ കൂടുതൽ ആഴത്തിലുള്ള ഇടപെടൽ വേണമെന്ന് ആവശ്യപ്പെട്ടു.

5. ഇന്ത്യയുടെ വളർച്ചാ ഗാഥ എടുത്തുപറഞ്ഞ പ്രധാനമന്ത്രി, യുവജനങ്ങളുടെ നൂതനാശങ്ങളും സർഗ്ഗാത്മകതയും പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യാപാരം, നിക്ഷേപം, അടിസ്ഥാന സൗകര്യ വികസനം, ഹരിത വളർച്ച, സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ പരിഹാരങ്ങൾ, വളർന്നുവരുന്ന സാങ്കേതികവിദ്യകൾ എന്നീ മേഖലകളിൽ കൂടുതൽ ഉഭയകക്ഷി സഹകരണം ആവശ്യപ്പെടുകയും ചെയ്തു. ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയുടെ പൂർത്തീകരണത്തിൽ സംതൃപ്തി പ്രകടിപ്പിച്ച അദ്ദേഹം, ഉപയോഗിക്കാത്ത വ്യാപാര സാധ്യതകൾ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുന്നതിന് സ്വതന്ത്ര വ്യാപാര കരാർ എത്രയും വേഗം അന്തിമമാക്കണമെന്നും ആവശ്യപ്പെട്ടു.

6. ഇന്ത്യയിൽ ഈയിടെ രൂപീകരിച്ച പാർലമെന്ററി ഫ്രണ്ട്ഷിപ്പ് ഗ്രൂപ്പ് ഫോർ ഇസ്രയേൽ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ രണ്ട് ഊർജ്ജസ്വലമായ ജനാധിപത്യ രാജ്യങ്ങൾക്കിടയിൽ കൂടുതൽ പാർലമെന്ററി ഇടപെടലുകൾ നടത്തണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. രണ്ട് നാഗരികതകളുടെയും ധാർമ്മിക മൂല്യങ്ങളിലെ സാമാനതകൾ എടുത്തുകാട്ടിക്കൊണ്ട്, ഇന്ത്യയുടെ 'വസുധൈവ കുടുംബകം' (ലോകം ഒരു കുടുംബം) എന്ന തത്വവും ഇസ്രയേലിന്റെ

'ടിക്കും ഓലാം' (ലോകത്തെ സുഖപ്പെടുത്തുക) എന്ന തത്വവും സമന്വിതമായ ഒരു സമൂഹത്തോടുള്ള പങ്കിട്ട കാഴ്ചപ്പാടുകളെയാണ് സൂചിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ത്യ-ഇസ്രയേൽ ബന്ധങ്ങൾക്ക് സംഭാവന നൽകിയതിന് നെസെറ്റ് അംഗങ്ങൾക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞു, വരാനിരിക്കുന്ന പുരിം ഉത്സവത്തിന് ആശംസകൾ നേരുകയും ചെയ്തു.

7. പ്രസംഗത്തിന് ശേഷം, നെസ്സെറ്റ് സ്പീക്കർ അമീർ ഒഹാന പ്രധാനമന്ത്രിക്ക് "മെഡൽ ഓഫ് നെസ്സെറ്റ്" സമ്മാനിച്ചു. ഇന്ത്യയും ഇസ്രയേലും തമ്മിലുള്ള സൗഹൃദത്തിന് ഈ ബഹുമതി പ്രധാനമന്ത്രി സമർപ്പിച്ചു. പ്രധാനമന്ത്രിയുടെ പൂർണ്ണ പ്രസംഗം ഇവിടെ കാണാം [Link]

**ജറുസലേം**

**ഫെബ്രുവരി 25, 2026**